## ആരോഗ്യവകുപ്പ് ഡയറക്ടറുടെ നടപടിക്രമം

വിഷയം:- ആ.വ.ഡ. -ജീവനക്കാര്യം -ശ്രീ. വി. മുരളീധരൻ, സീനിയർ സൂപ്രണ്ട്, അച്ചടക്ക നടപടികൾ നിലനിർത്തികൊണ്ട് സർവ്വീസിൽ പുനഃപ്രവേശിപ്പിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

പരാമർശം:- ആരോഗ്യവകുപ്പ് അഡീഷണൽ ഡയറക്ടർ (വിജിലൻസ്) ഇൻ ചാർജ്ജ്, ഡോ. വി. ആർ. രാജു -ൽ നിന്നും ലഭ്യമായ ഹിയറിംഗ് റിപ്പോർട്ട്

**ഉത്തരവ് നമ്പർ ഇ.ഡി.3-4259/2018/ആ.വ.ഡ.,തീയതി: 01/11/2018.**

ശ്രീ. വി. മുരളീധരൻ നിലമ്പൂർ ജില്ലാ ആശുപത്രിയിൽ ലേ സെക്രട്ടറി ആന്റ് ട്രഷറർ ആയിരിക്കെ ഈ ഓഫീസിൽ നിന്നുള്ള 29/06/2017 -ലെ ഉത്തരവ് ഇ.ഡി.3-12/2017 പ്രകാരം മലപ്പുറം താലൂക്ക് ഹെഡ് ക്വാർട്ടേഴ്സ് ആശുപത്രിയിലേക്ക് സ്ഥലംമാറ്റുകയും 07/07/2017 -ന് ടിയാൾ നിലമ്പൂർ ജില്ല ആശുപത്രിയിൽ നിന്നും വിടുതൽ ചെയ്യുകയുമുണ്ടായി. എന്നാൽ അന്നു മുതൽ ടിയാൻ മലപ്പുറം താലൂക്ക് ഹെഡ് ക്വാർട്ടേഴ്സ് ആശുപത്രിയിൽ ചാർജ്ജ് എടുക്കാതെ ജോലിയിൽ നിന്നും വിട്ടു നിൽക്കുന്നതിനാൽ ടിയാൾക്കെതിരെ കടുത്ത അച്ചടക്ക ലംഘനം, ഒദ്യോഗിക പെരുമാറ്റ ദൂഷ്യം, മേലധികാരികളെ ധിക്കരിക്കൽ, സർക്കാർ ജീവനക്കാരുടെ പെരുമാറ്റ ചട്ടലംഘനം എന്നീ കുറ്റങ്ങൾക്ക് കെ.സി.എസ്.(സി.സി. ആന്റ് എ.) റൂൾസ് ചട്ടം 16 പ്രകാരം അച്ചടക്ക നടപടികൾ സ്വീകരിച്ച് കുറ്റപത്രം നൽകിയിരുന്നു. ശ്രീ. വി. മുരളീധരൻ സമർപ്പിച്ച പ്രതിവാദപത്രിക പരിശോധിക്കുകയും 13/08/2018 -ന് അഡീഷണൽ ഡയറക്ടർ (വിജിലൻസ്) ഇൻ ചാർജ്ജ് ടിയാനെ നേരിൽ കേൾക്കുകയുമുണ്ടായി. തുടർന്ന് പരാമർശം പ്രകാരം ടിയാനെ അച്ചടക്ക നടപടികൾ നിലനിർത്തിക്കൊണ്ട് സർവ്വീസിൽ പുനഃപ്രവേശിപ്പിക്കണമെന്ന് ശുപാർശ ചെയ്യുകയുണ്ടായി. ആയതിന്റെ അടിസ്ഥാനത്തിൽ ശ്രീ. വി. മുരളീധരൻ -നെ ഇടുക്കി ജില്ലാ ആശുപത്രിയിലെ ലേ സെക്രട്ടറി ആന്റ് ട്രഷററുടെ ഒഴിവിൽ നിയമിച്ച് ഉത്തരവാകുന്നു.

ആരോഗ്യവകുപ്പ് ഡയറക്ടറുടെ ഔദ്യോഗിക വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്ന ഈ ഉത്തരവിന്റെ പകർപ്പ് ജോലിയിൽ പ്രവേശിക്കുന്നതിന് ഔദ്യോഗിക രേഖയായി ഉപയോഗിക്കാവുന്നതാണ്.

- ടിയാൾ ജോലിയിൽ പ്രവേശിക്കുന്ന തീയതി ഈ ഓഫീസിൽ അറിയിക്കേണ്ടതാണ്.

(ഒപ്പ്)
ഡോ. സരിത ആർ. എൽ.
**ആരോഗ്യവകുപ്പ് ഡയറക്ടർ**

സ്വീകർത്താവ്:
ശ്രീ. വി. മുരളീധരൻ, സീനിയർ സൂപ്രണ്ട്.

പകർപ്പ്-

1. ആരോഗ്യവകുപ്പ് ഡയറക്ടറുടെ/സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസറുടെ സി.എ.
2. ജില്ലാ മെഡിക്കൽ ഓഫീസർ (ആരോഗ്യം), ഇടുക്കി.
3. സൂപ്രണ്ട്, ജില്ലാ ആശുപത്രി, ഇടുക്കി.
4. സൂപ്രണ്ട്, ജില്ലാ ആശുപത്രി, നിലമ്പൂർ, മലപ്പുറം.
5. സൂപ്രണ്ട്, താലൂക്ക് ആസ്ഥാന ആശുപത്രി, മലപ്പുറം.
6. അക്കൗണ്ടന്റ് ജനറൽ ഓഫീസ്, തിരുവനന്തപുരം.
7. സീനിയർ സൂപ്രണ്ട്, ഇ.സി. സെക്ഷൻ
8. ഫയൽ/കരുതൽ ഫയൽ.

//അംഗീകാരത്തോടെ//
സൂപ്രണ്ട്

ജിആർആർ-02/11

**GOVERNMENT OF KERALA 2017-18**